**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1396** **07-02-2023 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ കിഫ്‌ബി വഴി അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്‌ബി വഴി അനുവദിക്കുന്ന പല പ്രവൃത്തികളും ഇപ്പോഴും പ്രാരംഭ ദശയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരിശോധിച്ചുവരുന്നു. |
| (ബി) | ഇത്തരത്തിൽ അരൂർ മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്‌ബി ഫണ്ടിലുൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു.<br><br>**5കോടി കിഫ്‌ബി പദ്ധതി**<br><br>5 കോടി കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്.ചന്ദിരൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ നിർമ്മാണം 80% ത്തോളം പൂർത്തിയായിട്ടുണ്ട്. (എൽ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം 85%ത്തോളം പൂർത്തിയായിട്ടുണ്ട്.)<br><br>**3 കോടി കിഫ്‌ബി പദ്ധതി**<br><br>3 കോടി കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്.തിരുനല്ലൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**1 കോടി കിഫ്‌ബി പദ്ധതി**<br><br>1 കോടി കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റത്തിൽ ഭാഗം എൽ.പി.സ്കൂളിന് പുതുക്കിയ ഡി.എസ്.ആർ/ |

| | | | |
|---|---|---|---|
| | | | ജി.എസ്.റ്റി നിരക്ക് പ്രകാരം 1.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമായാലുടൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പെരുമ്പളം എച്ച്.എസ്.എസ്, തേവർവട്ടം എച്ച്.എസ്. എന്നീ സ്കൂളുകൾക്ക് പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്ക് പ്രകാരം 1.30ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയായി. അതനുസരിച്ച് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ജി.വി.വി.എച്ച്.എസ്.എസ് കോടംതുരുത്ത് സ്കൂള് മാറ്റി പകരമായി 2022-23 വർഷം അനുവദിച്ച ജി.യു.പി.എസ്. ഓടമ്പള്ളി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി വരുന്നു. |
| (സി) | അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ പേരും നിർവഹണ ഏജൻസിയുടെ പേരും ഇപ്പോഴത്തെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ? | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു.<br><br>**5കോടി കിഫ്ബി പദ്ധതി**<br><br>5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്.ചന്തിരൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ നിർമ്മാണം 80% ത്തോളം പൂർത്തിയായിട്ടുണ്ട്. (എൽ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ടോയ്ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ചുറ്റമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം 85%ത്തോളം പൂർത്തിയായിട്ടുണ്ട്.)<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്.തിരുനല്ലൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റത്തിൽ ഭാഗം എൽ.പി.സ്കൂളിന് പുതുക്കിയ ഡി.എസ്.ആർ/ |

| | | | |
|---|---|---|---|
| | | | ജി.എസ്.റ്റി നിരക്ക് പ്രകാരം 1.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമായാലുടൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പെരുമ്പളം എച്ച്.എസ്.എസ്, തേവർവട്ടം എച്ച്.എസ്. എന്നീ സ്കൂളുകൾക്ക് പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്ക് പ്രകാരം 1.30ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയായി. അതനുസരിച്ച് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>ജി.വി.വി.എച്ച്.എസ്.എസ് കോടംതുരുത്ത് സ്കൂള് മാറ്റി പകരമായി 2022-23 വർഷം അനുവദിച്ച ജി.യു.പി.എസ്. ഓടമ്പള്ളി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ